# ജി.എച്ച്.എസ്.എസ് കുമ്പിൾ

ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിൻ
2023-2024



# ചങ്ങാതി

## എഡിറ്റോറിയൽ ബോർഡ്

**ചീഫ്എഡിറ്റർ:റാണി ആർ (ഹെഡ്മിസ്ട്രസ്)**

**സ്റ്റാഫ് എഡിറ്റർ :കവിത.കെ,ബിജികല പി.എസ്**

**വിദ്യാർത്ഥി എഡിറ്റർ : അനാമിക സന്തോഷ്**

**അസോസിയേറ്റ് എഡിറ്റർമാർ**

**ഫർസാന ഫാത്തിമ**

**ആവണി A V**

**അനശ്വര S നാഥ്**

**മുഹമ്മദ് ആഷിഖ്**

**ജയ് പി നായർ**

**അൽ അമീൻ**

**ആകാശ് ശിവ**

**ആദിശങ്കർ**

**നാജിയ J**

**റെയ്ഹ ഫാത്തിമ A**

**അൽഫിയ തസ്നി**

**ആസിയ M S**

**മാഗസിൻ കമ്മിറ്റി കൺവീനർ: സാലിഹ നസ്രിൻ എൻ**








## സന്ദേശം

വിവരവിനിമയ സാങ്കേതങ്ങളെ സമൃദ്ധമായും ഫലപ്രദമായും ഉപയോഗിക്കാൻ കഴിയുന്ന ഒരുപുതുതലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ലിറ്റിൽ കൈറ്റ് IT ക്ലബ് കൊണ്ട് ഉദ്ദേശിക്കുന്നത് വിവരങ്ങൾ ശേഖരിക്കുന്നതിലും പങ്കുവയ്ക്കുന്നതിലും പ്രക്ഷേപണം ചെയ്യുന്നതിലും വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് ഡിജിറ്റൽ മീഡിയ കാഴ്ചവയ്ക്കുന്നത് 2023-24 അധ്യയന വർഷത്തിൽ കുമ്മിൾ ഗവ: ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട് ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിന് ആത്മാർത്ഥമായി പ്രയത്നിച്ച എഡിറ്റേറിയൽ ബോർഡിന് അഭിനന്ദനങ്ങൾ. ലിറ്റിൽ കൈറ്റ് ക്ലബിൻ്റെ ഈ സംരംഭത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ.

ഹെഡ്മിസ്ട്രസ്സ്
റാണി.ആർ





OUR LITTLE KITE TEAM 2023-2024

# ചങ്ങാതി



മായാദേവി
മുൻ പ്രധാനധ്യാപിക

മമഹാമാരികൾക്കു കീഴടക്കാനാകാത്ത ഇച്ഛാശക്തിയാണ്

മനുഷ്യനെ അനശ്വരനാക്കുന്നത്. സാങ്കേതിക വിദ്യയിൽ

നമ്മുടെ കൊച്ചുകേരളം നടത്തിയ മികവുറ്റ

പ്രവർത്തനങ്ങൾക്ക് സ്ക്രൾവിക്കി മികച്ച

മാതൃകയായതുപോലെ കൈറ്റിന്റെ നേതൃത്വത്തിൽ

വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്

മാറ്റത്തിന്റെ ചുവടുവയ്പ്പുകൾക്കു

സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുകയാണ്.

സ്വാതന്ത്രസോഫ്ട്വേറിന്റെ

സഹായത്തോടെ തനതായ പ്രവർത്തനങ്ങൾ

കാഴ്ചവെക്കാൻ ലിറ്റിൽകൈറ്റ് വിദ്യാലയങ്ങളിൽ

കുട്ടികൾക്കൊപ്പമുണ്ട് . അനുനിമിഷംമാറുന്നലോകത്തിന്ഭാഗമാകാൻ
ഓരോകുഞ്ഞിനും അവസരം


ലഭിക്കുന്നത്തിൽ നമുക്കോരോരുത്തർക്കുംഅഭിമാനിക്കാം.

## നമ്മുടെ
## പ്രിയ ബാപ്പുജി



ഫാത്തിമ സക്കീർ
10C

സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പടും ഗാന്ധിജി ശ്രദ്ധേയനായി. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന 'മഹാത്മാ', അച്ഛൻ എന്നർത്ഥംവരുന്ന 'ബാപ്പു' എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധിജി ലോകമെമ്പാടും അറിയപ്പെടുന്നു. ഏറ്റവും കഠിനമായ പ്രതിസന്ധി ഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ഗാന്ധിജി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ മതസൗഹാർദത്തിന്റെ ഉദാത്ത മാതൃകയായിരുന്നു അദ്ദേഹം. എല്ലാ വിധത്തിലും സ്വയാശ്രയത്വംപുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ചു.



# പ്രതീക്ഷ



നനവാർന്ന മണ്ണിന്റെ
പുതുഗന്ധമേകുന്ന
കാറ്റേ ചൊല്ലുമോ നിന്റെ പാട്ട്
കാലങ്ങളായി ഞാൻ കാതോർത്തിരിക്കുന്നു
ഒരു വട്ടമെങ്കിലും കേട്ടിടുവാൻ നിന്നെ
ഒരു വട്ടമെങ്കിലും കണ്ടീടുവാൻ
കാർമേഘവും ചൊല്ലി പുതുവർഷവും തേങ്ങി
കണ്ടതേയില്ല നിന്നെ മാത്രം
നീ വന്ന പാതയിൽ നീ തന്ന ഓർമയിൽ
തേങ്ങലായ് മാറിയെൻ നിൻ ഓർമ്മകൾ

നനവാർന്ന മണ്ണിന്റെ പുതുഗന്ധമേകുന്ന
കാറ്റേ ചൊല്ലുമോ നിന്റെ പാട്ട്
കാറ്റേ ചൊല്ലുമോ നിന്റെ പാട്ട്
കാലങ്ങളായി ഞാൻ കാതോർത്തിരിക്കുന്നുഒരു വട്ടമെങ്കിലും
കേട്ടീടുവാൻ
നിന്നെ ഒരു വട്ടമെങ്കിലും കണ്ടീടുവാൻ.
ചിതറിത്തെറിക്കുന്ന മുത്തുകൾ പോലെയാ
അതിരുകൾ ഏറാത്ത നാളിലെന്നോ
ഞാൻ കണ്ട ഓർമയിൽ തഴുകുന്ന തെന്നലിൻ
ശബ്ദമായ് മാറി നീ എന്റെയുള്ളിൽ.
പതറാത്ത ശബ്ദമായ് നിറവാർന്ന സ്നേഹമായ്
എവിടെയെന്നില്ലാതെ പോയ് മറഞ്ഞു നീ എവിടെയെന്നില്ലാതെ
പോയ് മറഞ്ഞു.
നനാവാർന്ന മണ്ണിന്റെ...

ശിവനന്ദ എസ്എസ്
9A





ഫാത്തിമാ എസ്സ് എൻ
10**A**

# മഴ

പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നു കിട്ടാൻ
ഒടുവിലായി മാരി പെയ്തു
ഇടതടവില്ലാതെ പേമാരിയായ്.....
പുഴകവിഞ്ഞു പുരനിറഞ്ഞു
മലയും പുഴയുമൊന്നായി
ഇടയിലായുള്ളോരോ ജീവിതം
ശിഥില കിനാക്കളായ് മാറി...
അകലെയായ് മഴമോഘപാളി
അടർന്നടർന്ന് ശമിക്കാതെ
അരുതേയരുതേ പകയരുതെ
അഴലകറ്റി കനിവേകണേ.....



ആസ്വാദന കുറിപ്പ് - ജലസമാധി

നിള J S
9B

സേതു എഴുതിയ തിരക്കഥയാണ് ജലസമാധി. ഈ കഥയിൽ സമൂഹത്തിൽ നിലനിൽ ക്കുമന്ന ദുരാചാരത്തെ പറ്റിയാണ് പറയുന്നത്. നിസ്സഹായരും ബലഹീനരും ബലികഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്ക് എന്നാണ്   ഒരവസാന മെന്ന ചോദ്യം ഉയർത്തിയ ചലച്ചിത്ര ആവിഷ്കാര മാ ണ് ജലസമാധി എന്ന തിരക്കഥ - തമിഴ്നാട്ടിലെ ചില ഗ്രാമങ്ങളിൽ നിലനിന്നിരുന്ന തലൈ ക്കുത്തൽ എന്ന ആചാരത്തെ കുറിച്ചാണ് പറയുന്നത്. അകാലത്തിൽ വൃദ്ധനാക്കപ്പെട്ട മുരു സ്വാമി ഭാര്യയുടെയും മറ്റുള്ളവരുടെയും അവഗണനകളാലും സ്നേഹ നിഷേധങ്ങളാലും ഇനി ജീവിച്ചിരുന്നിട്ടെന്തു കാര്യംഎന്ന മനോനില യിലേക്ക് എത്തപ്പെടുന്നു. പല അനാചാരങ്ങൾക്കും ഉദാഹരണമായിട്ടാണ് മുരുസ്വാമിയെ നാട്ടുകാരും വീട്ടുകാരും ചേർന്ന് ജലസമാധിയിലേക്ക് നയിക്കുന്നത്. വാർധക്യത്തിൻ്റെ  ഒറ്റപ്പെടലും സ്വന്തം  താൽപര്യം സംരക്ഷിക്കുന്നതിനായി എന്തുംചെയ്യാൻ മടിക്കാത്ത സമൂഹത്തിൻ്റെ ഉപഭോഗ സംസ്കാരവും പാ രിസ്ഥിതിക പ്രശ്നങ്ങൾ അവഗണിക്കുമ്പോൾ ഒരു ഗ്രാമത്തിൽ  സംഭവിക്കുന്ന തകർച്ചകളും വളരെ ഹൃദയസ്പർശിയായി വരച്ചുവച്ചിരിക്കുന്ന തിരക്കഥയാണ് ജലസമാധി . വീട്ടുകാരിൽ നിന്നുംനിന്നും സമൂഹത്തിൽ നിന്നും നേരിടുന്ന എതിർപ്പുകളും കൊണ്ടാണ് മുരുസ്വാമി സ്വന്തം മരണം അടുത്തു എന്ന് കരുതുന്നതും അതിനായി ജലസമാധി എന്ന ആചാരത്തിന് വിധേയനാകുന്നത്. ഇതിലൂടെ സമൂഹത്തിൽ നിലനിൽക്കുന്ന ദുരാചാരത്തെയും ഗ്രാമത്തിൻ്റെ തകർച്ചകളും വിശദമായി ആവി ഷ് കരിക്കാൻ സേതുഎന്ന കഥാകൃത്തിന് കഴിഞ്ഞു. നിസ്സഹായരും ബലഹീനരും ബലികഴിക്കപ്പെട്ടുകൊണ്ടിരിക്കു
ഇത്തരംദുരാചാരങ്ങൾ ക്കെതിരെ ശബ്ദം ഉയർത്താൻ ശ്രമിച്ച നിവേദിതയെ അതിനനുവദിക്കാതെ തൻ്റെ ജോലിയിലേക്ക് വഴിതിരിച്ചുവിടാൻ ശ്രമിക്കുകയാണ് ചെയ്യുന്നത് . ഇത്തരത്തിൽ സമൂഹത്തിലെ അനീതിക്കെതിരെ പ്രതികരിക്കാൻ ശ്രമിക്കുന്നവരെ എതിർക്കാൻ പലരും നോക്കുന്നുണ്ട് . ഇന്നത്തെ കാലഘട്ടത്തിൽ നരബലിയും മറ്റ് ക്രൂട്ടക്കൊലയും നടക്കുന്നുണ്ട് . അത്തരം  ദുരാചാരങ്ങൾ നിലനിൽക്കെ തലൈക്കുത്തൽ എന്ന ദുരാചാരത്തെ മുരു സ്വാമി എന്ന കഥാപാത്രത്തിലൂടെ വരച്ചു കാട്ടുകയാണ് കഥാകൃത്ത്. അനാചാരങ്ങൾ വിശ്വസിക്കാത്ത ഒരു പുത്തൻ തലമുറയെ വാർത്തെടുക്കാൻ ഈ തിരക്കഥയിലൂടെ സേതു എന്ന കഥാകൃത്തിന് കഴിയുംതലൈക്കുത്തൽ എന്ന ദുരാചാരത്തെ മുരു സ്വാമി എന്ന കഥാപാത്രത്തിലൂടെ വരച്ചു കാട്ടുകയാണ് കഥാകൃത്ത്. അനാചാരങ്ങൾ വിശ്വസിക്കാത്ത ഒരു പുത്തൻ തലമുറയെ വാർത്തെടുക്കാൻ ഈ തിരക്കഥയിലൂടെ സേതു എന്ന കഥാകൃത്തിന് കഴിയും

## നന്മ നടീൽ



വി.കെ. - വിജയകുമാരി. കെ
സീനിയർ അസിസ്റ്റന്റ്

പ്രഭാത ശീലുകൾ കേൾക്കാനുണരു
നാടിന്റെ ഭാഗ്യമാം മുകുളങ്ങളേ
നന്മപ്പാടത്ത് നൽവിത്ത് വിതയ്ക്കുവാൻ
ജന്മം കിട്ടിയ പുണ്യങ്ങളേ
സംസ്കൃതിപ്പച്ചകൾ പൂവിടുംതൊടികളിൽ
പരൽമീൻതുടിക്കുന്ന ചെറുതോട്ടുവക്കിൽ
മഷിത്തണ്ടുമണക്കുന്ന കിണറ്റിൻകരകളിൽ
മന്ദാരംചിരിക്കുന്ന തിരുമുറ്റക്കോണിൽ
വൈക്കോൽത്തുറുവിന്റെ ചുറ്റുവട്ടങ്ങളിൽ
മത്തൻ പടരുന്ന തൊഴുത്തിൽ ഇറമ്പുകളിൽ
പ്രകൃതിമാതാവിന്റെ പുഞ്ചിരിപോൽ വിടരും
അരിക്കുമിൾ കുഞ്ഞുങ്ങൾ തലപൊക്കും തെങ്ങിൻതടങ്ങളിൽ
കിണറ്റുകപ്പിയിലെ കരച്ചിൽ താളങ്ങളിൽഅടുക്കളപ്പാത്രത്തിൻ
വാദ്യവൃന്ദങ്ങളിൽവെയിൽകായും കുറിഞ്ഞിയുടെ വാലനക്കങ്ങളിൽ
ഭൂമിയെ പ്രണമിക്കും നിലപ്പനച്ചെടിയുടെ
നക്ഷത്രക്കമ്മൽത്തിളക്കങ്ങളിൽ പ്രാർത്ഥനപ്പാൽക്കഞ്ഞി പകരുന്ന
അമ്മക്കരുതൽപ്പിഞ്ഞാണങ്ങളിൽ
കാഴ്ചത്തുരുത്തിൻ നോട്ടവട്ടത്തിൽ
പ്രപഞ്ചപാഠത്തിന്റെ അക്ഷരവടിവുകൾ
കണ്ടറിയുന്നവ, കേട്ടറിയുന്നവ,
തൊട്ടറിയുന്നവ, മണത്തറിയുന്നവ
പേരറിയാത്തവ , നാടറിയാത്തവ
എല്ലാം പ്രധാനമായുള്ള വിധാനം
ആരിലുമാശ്ചര്യമേകും വിധാനം
പാഠാലയമൊരു പുതുസംവിധാനം
വൈവിധ്യബഹുലമാം അനുഭവജ്ഞാലം
സഹവർത്തനത്തിന്റെ പ്രയോഗശാല
ലോകനന്മയ്ക്കുള്ള ഞാറ്റടിപ്പാടം
അവിടെ വിരിയുന്ന നന്മ സമൃദ്ധിയിൽ വിത്തെറിയണം നാമേവരും നിശ്ചയം

## ജീവന്റെ കണക്കെ ടുപ്പ്



മുനീറ
10C

ഓട്ടുവിളക്കിലെ
കരിയേക്കാൾ ഇരുട്ടാണിന്നത്തെ
രാത്രിക്ക്
കോടമഞ്ഞിനക്കാൾ
തണു പ്പാ ണീ ദേ ഹത്തിന്
വാ യി ലെ മരു ന്നിന്റെ കയ്പ്പി നോ ടും
കൈ യ്യി ൽ തറച്ചു വച്ച സൂ ചി യോ ടും
വി ട പറയാ ൻ സമയമാ യി
അവൻ വരു മു മ്പ്
ദാ ഹജലം തൊ ണ്ടയി ലൂ ടെ
കി നിഞ്ഞിറങ്ങണം
ബാ ക്കിവന്ന ജീ വൻ
പി ഴി ഞ്ഞെ ടു ക്കു മ്പോ ഴേ യ്ക്കും
എല്ലാ ത്തിനും സാ ക്ഷി നി ന്ന മി ഴി മെ ല്ലെ പൂ ട്ടണം .

# ചങ്ങാതി



അനാമിക സന്തോഷ്
9D

PROVERBS

1.ആറ്റിൽ കളഞ്ഞാലും... അളന്നു കളയണം.

2.ആവശ്യക്കാരന്, ഔചിത്യം പാടില്ല.

3.അടി കൊള്ളാൻ ചെണ്ടയും, പണം വാങ്ങാൻ മാരാരും.

4.അടി തെറ്റിയാൽ... ആനയും വീഴും.

5.അല്പന് അർഥം(ഐശ്വര്യം) കിട്ടിയാൽ, അർദ്ധ രാത്രിയിൽ കുട പിടിക്കും.

6.അമ്മക്ക് പ്രാണ വേദന, മകൾക്ക് വീണ വായന.

7.അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ.

8.അങ്ങാടിയിൽ തോറ്റതിന്, അമ്മയുടെ പുറത്തു.

9.അംഗവും കാണാം, താലിയും ഓടിക്കാം.

10.അണ്ണാൻ കുഞ്ഞിനെ മരം കേറ്റം പഠിപ്പിക്കണോ.

11.അണ്ണാറ കണ്ണനും, തന്നാൽ ആയതു.

12.അനുഭവം മഹാ ഗുരു. (Proverbs in Malayalam)

13. അരിയെത്ര? പയർ അഞ്ഞാഴി.

14.അരിയും തിന്നു ആശാരിച്ചിയേയും കടിച്ചു... എന്നിട്ടും നായക്ക് മുറുമുറുപ്പ്.

15.അട്ടയെ പിടിച്ചു, മെത്തയിൽ കിടത്തിയാൽ കിടക്കുമോ?

16.ചക്കര കുടത്തിലെ ഉറുമ്പ് അരിക്കു.
17.ചക്കിനു വച്ചതു കൊക്കിനു കൊണ്ടു.

18.ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

20.ചൊട്ടയിലെ ശീലം ചുടല വരെ.

26. ചുമരില്ലാതെ ചിത്രം വരയ്ക്കാൻ പറ്റില്ല.

27. ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം.

28. ദാനം കിട്ടിയ പശുവിന്റെ പല്ലു നോക്കിയിട്ടു കാര്യമില്ല.

29. ഈനാം പേച്ചിക്ക് മരപ്പട്ടി കൂട്ട്.

30. എലിയെ പേടിച്ചു ഇല്ലം ചുടണോ?

31. എല്ലു മുറിയെ പണി ചെയ്താൽ..പല്ലു മുറിയെ തിന്നാം.

32. എരി തീയിൽ എണ്ണ ഒഴിക്കരുത്.

33. ഗതി കേട്ടാൽ പുലി പുല്ലും തിന്നും. (Pazhamchollukal)

34. ഇല ചെന്ന് മുള്ളിൽ വീണാലും, മുള്ള് ചെന്ന് ഇലയിൽ വീണാലും, കേട് ഇലക്ക് തന്നെ.

35. ഇല നക്കി പട്ടിയുടെ, കിറി നക്കി പാട്ടി.

36. ഇരുന്നിട്ട് വേണം കാല് നീട്ടാൻ.

37. ജാതിയിൽ ഉള്ളത്, തൂത്താൽ പോകില്ല.

38. കാക്ക കുളിച്ചാൽ, കൊക്കാകില്ല.

39. കാലത്തിനൊത്ത കോലം കെട്ടണം.

40. കാക്കക്കും, തൻ കുഞ്ഞു പൊൻ കുഞ്ഞു.

41. കാള പെറ്റുന്നു കേട്ടാൽ ഉടനെ കയർ എടുക്കരുത്.

42. കാനം വിറ്റും ഓണം ഉണ്ണണം.

43. കണ്ടാലറിയാത്തവൻ കൊണ്ടാലറിയും.

44. കണ്ടത് പറഞ്ഞാൽ കഞ്ഞി കിട്ടില്ല.

45. കണ്ണിൽ കൊള്ളേണ്ടത് പുരികത്തു കൊണ്ടു.

46. കണ്ണുണ്ടായാൽ പോരാ കാണണം.

47. കണ്ണുപൊട്ടനും മാങ്ങയ്ക്കു കല്ലെറിയും പോലെ.

48. കത്തുന്ന പുരയിൽ നിന്ന് കഴുക്കോൽ ഊരുക.

49. കട്ടവനെ കിട്ടിയില്ലേൽ.. കിട്ടിയവനെ പിടിക്കുക.

50. കയ്യൂക്കുള്ളവൻ കാര്യസ്ഥൻ.

51. കൊക്കിൽ ഒതുങ്ങുന്നതേ കൊത്താവൂ.

52. കോക്ക് എത്ര കൊളം കണ്ടതാ, കൊളം എത്ര കൊക്കിനെ കണ്ടതാ.

53. കൊല്ല കുടിയിൽ സൂചി വിൽക്കാൻ നോക്കരുത്.

54. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി.

55. കൊഞ്ച് തുള്ളിയാൽ മുട്ടോളം, പിന്നെയും തുള്ളിയാൽ ചട്ടിയിൽ.

56. കൊന്നാൽ പാപം തിന്നാൽ തീരും.

57. ക്ഷീരമുള്ളൊരു അകിടിന്റ ചുവട്ടിലും, ചോര തന്നെ കൊതുകിനെ കൗതുകം.

58. കുന്തം പോയാൽ കുടത്തിലും തപ്പണം.

59. കുരങ്ങന്റെ കയ്യിലെ പൂമാല പോലെ.

60. കുറുക്കന്റെ കണ്ണ് എപ്പോഴും കോഴി ക്കൂട്ടിൽ തന്നെ.

61. മധുരിച്ചിട്ട് ഇറക്കാനും വയ്യ കായ്ച്ചിട്ട് തുപ്പാനും വയ്യ.

62. മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ടു പോയി.

63. മത്തൻ കുത്തിയ കുമ്പളം മുളയ്ക്കുമോ?

64. പൈയ്യ തിന്നാൽ പനയും തിന്നാം.

65. മിണ്ടാ പൂച്ച കലം ഉടക്കും.

66. മിന്നുന്ന എല്ലാം പൊന്നല്ല.

67. മോങ്ങാൻ ഇരുന്ന നായുടെ തലയിൽ തേങ്ങാ വീണു.

68. മൂക്കില്ല രാജ്യത്തു മുറിമൂക്കൻ രാജാവ്.

69. മൂത്തവർ ചൊല്ലും മുതു നെല്ലിയ്ക്ക ആദ്യം കായ്ക്കും, പിന്നെ മധുരിയ്ക്കും.

70. മൗനം വിദ്വാന് ഭൂഷണം.

71. മുല്ല പൂമ്പൊടി ഏറ്റു കിടക്കും കല്ലിനും ഉണ്ടാവും സൗരഭ്യം.

72. മുറ്റത്തെ മുല്ലക്ക് മണമില്ല.

73. നാട് ഓടുമ്പോൾ നടുവേ ഓടണം.

74. നാട്ടുകടലിലും നയാ നക്കിയേ കുടിക്കൂ.

75. നനയുന്നിടം കുഴിക്കരുത്. (Proverbs in Malayalam)

76. നീ മാനത്തു കണ്ടപ്പോൾ ഞാൻ മരത്തിൽ കണ്ടു.

77. നെല്ലും പതിരും തിരിച്ചു അറിയണം.

78. ഓടുന്ന പട്ടിയ്ക്കു ഒരു മുഴം മുന്നേ.

79. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത്.. അല്ലെങ്കിൽ കളരിക്ക് പുറത്തു.

80. ഒരുമ ഉണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

81. ഒരുത്തനെ തന്നെ നിനച്ചിരുന്നാൽ, വരുന്നതെല്ലാം അവനെന്നു തോന്നും.

82. ഒത്തു പിടിച്ചാൽ മലയും പോരും.

83. പാലം കടക്കുവോളം നാരായണ, പാലം കടന്നു കഴിഞ്ഞാൽ കൂരായണ.

84. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല.

85. പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ, അവിടെ പന്തം കൊളുത്തി പട.

86. പാടത്തു ജോലി വരമ്പത്തു കൂലി.

87. പല നാൾ കള്ളൻ, ഒരു നാൾ പിടിയിൽ.

88. പല തുള്ളി പെരു വെള്ളം.

89. പാമ്പിനെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കഷ്ണം തിന്നണം.

90. പന്തീരാണ്ടു കാലം കുഴലിൽ ഇട്ടാലും പട്ടിയുടെ വാല് വളഞ്ഞു തന്നെ.

91. പാഷാണത്തിൽ കൃമി.

92. പശു ചത്ത് മോരിലെ പുളിയും പോയി.

93. പട്ടരിൽ പൊട്ടാനില്ല.

94. പട്ടി ചന്തക്കു പോയത് പോലെ.

95. പട്ടി ഒട്ടു പുല്ലു തിന്നുകയും ഇല്ല, പശുവിനെ കൊണ്ടു തീറ്റിയ്ക്കുകയും ഇല്ല.

96. പയ്യെ തിന്നാൽ പനയും തിന്നാം.

97. പെണ്ണ് ചതിച്ചാലും മണ്ണ് ചതിക്കില്ല.

98. പൊന്നും കുടത്തിനു എന്തിനാ പൊട്ട്?

99. പൂച്ചക്ക് എന്താ പൊന്നുരുക്കുന്നിടത്തു കാര്യം.

100. വിത്ത് ഗുണം, പത്തു ഗുണം.

101. കാണം വിറ്റും ഓണം ഉണ്ണണം.

102. ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി.

103. അത്തം കറുത്തൽ ഓണം വെളുക്കും.

104. ഓണമുണ്ടവയർ ചൂളം പാടിക്കിട.

105. അത്തം പത്തിന് പൊന്നോണം.

106. ഓണത്തിനിടയിൽ പുട്ടു കച്ചവടം.

107. ഉണ്ടെങ്കിൽ ഓണം, ഇല്ലെങ്കിൽ പട്ടിണി.

108. ഓണം വരാനൊരു മൂലം വേണം.

109. ഉത്രാടം കഴിയുമ്പോൾ അച്ചിമാർക്കൊക്കെ വെപ്രാളം.

110. ഓണം പോലെ ആണോ തിരുവാതിര?



111. പൂച്ചയ്ക്ക് എന്താ പൊന്നുരുക്കുന്നിടത്തു കാര്യം.

112. പോത്തിന്റെ ചെവിയിൽ വേദം ഓതിയിട്ടു കാര്യമില്ല.

113. പൊട്ടനെ ചട്ടൻ ചതിച്ചാൽ ചട്ടനെ ദൈവം ചതിക്കും.

114. പുകഞ്ഞ കൊള്ളി പുറത്തു.

115. പുര കത്തുമ്പോൾ തന്നെ വാഴ വെട്ടാനോ?

116. പുത്തൻ അച്ചി പുരപ്പുറം തൂക്കും.

117. രണ്ടു കയ്യും കൂട്ടി അടിച്ചാലേ ശബ്ദം കേൾക്കൂ.

118. രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ.

119. സമ്പത്തു കാലത്തു തൈ പത്തു വച്ചാൽ ആപത്തു കാലത്തു കാ പത്ത്



Avani A V
8B

## അമ്മയെന്ന സാന്ത്വനം

വിജനമാം പാതയിൽ ഒറ്റക്ക് നിന്നയെൻ
മെയ്യാകേ തഴുകുവാൻ മഴയിങ്ങു വന്നേത്തി
പകയോടെ ശക്തമായി നോക്കിയിട്ടെന്നോട് ചൊല്ലി
ദേശ്യമോടെ ലോകത്തെ മയക്കിയ ലഹരി അല്ലേ
ഇവിടെ ദൂരേക്ക് പൊക്കിട്ടു നീ മനുഷ്യനെ കൊല്ലും
കൊടും വിഷമായികാലത്തേയ് വേലുന ലഹരിയായി മാറി
നീ നിന്നെ അറിയുവാൻ താമസിച്ചു ഞാൻ നിന്നെ
അകറ്റുവാൻ താമസിച്ചു കനലായി
കത്തിയാമതിഷ്ക്ക വേദിയിൽ കാട്ടാളനായി നീ
കെട്ടിയാടി നിന്നെ തുറേതുവാൻ ഞാൻ മഴയായി

# ചങ്ങാതി



ആദിത്യൻ വി ആർ
൯C

വെള്ളിവെളിച്ചത്തിൽ
പാറിപ്പറക്കുന്ന
പുഞ്ചിറകുള്ള
പൂമ്പാറ്റ കളായ്
മനസ്സിൻ്റെ കോണിലായ്
സ്നേഹം തുളുമ്പുന്ന
സൗഹൃദ മാണെൻ്റെ
വഴികാട്ടി
പുസ്തകത്താളിൻ്റെ
അക്ഷരമുറ്റത്ത്
പുഞ്ചിരിയോടെ നാം
പോയതല്ലേ
കൊഞ്ചി പിണങ്ങിയും
കുസൃതികൾ കാട്ടിയും
ഒത്തൊരുമയോടെ
വന്നതല്ലേ
ബാല്യകാലത്തിൻ്റെ
കാതലായ്യയിൽ നാം
ഒന്നിച്ചൊരോമൽ
പൂക്കളമൊരുക്കി
പാട്ടുകൾ പാടിയും
സ്നേഹിച്ചുമൊന്നായ്
കാലത്തിൻ കഥകൾ പറഞ്ഞു നമ്മൾ

# ചങ്ങാതി



Saliha Nasrin N
9D

കളിവീട് കെട്ടി കളിച്ച നേരം തിരമാലകൾ വന്നു കൊണ്ട് പോയി

പൂഴി മണലിലെൻ പാദം പതിഞ്ഞതും
തിരമാലകൾ വന്നു കൊണ്ട് പോയി

അകലെ ആകാശം നോക്കിനിന്നന്നേരം
തിരമാലകൾ വന്നു ആ സൂര്യ ശോഭയെ ഇരുട്ടിലേക്ക് കൊണ്ട് പോയി

കരയിലെൻ പേരെഴുതിയ നേരം
തിരമാലകൾ വന്നു കൊണ്ട് പോയി

തോണിയിലേറി തുഴഞ്ഞ മർത്യനെ തിരമാലകൾ വന്നു കൊണ്ട് പോയി

സ്നാനത്തിനായിറങ്ങിയോരെൻ ദുഖങ്ങളെ
തിരമാലകൾ വന്നു കൊണ്ട് പോയി

ചിതയിൽ നിന്നു വന്ന ചാരത്തെ
തിരമാലകൾ വന്നു കൊണ്ട് പോയി

എത്രയോ സ്വപ്നങ്ങൾ നെയ്ത നേരത്തെ
തിരമാലകൾ വന്നു കൊണ്ട് പോയി

ഒരു നാൾ ഈ കരയെ ഒന്നായി
തിരമാലകൾ വന്നു കൊണ്ട് പോകും

## ഉയർച്ചയിൽ നിന്ന് താഴ്ചയിലേക്ക്......

ഫർസാനഫാത്തിമ
എസ് എൻ
9C

ഒരു ചെറിയ ഗ്രാമം. മഞ്ചരി. അവിടെയാണ് നന്ദനയും അവളുടെ അമ്മയും താമസിക്കുന്നത്. അവിടെ അധികവും വിദ്യാഭ്യാസം കുറവായിരുന്നു. വളരെ മോശം സ്ഥലമാണ് കള്ളും കഞ്ചാവും അങ്ങനെയൊക്കെ. അവൾ ആ ഒരു സാഹചര്യത്തിൽ വളർന്ന കുട്ടിയാണ് .നന്ദന നന്നായി പഠിക്കുന്ന കുട്ടിയാണ്.
അച്ഛൻ കൃഷ്ണദാസ് മരിച്ചിട്ട് കൊല്ലം ആറ് ആകുന്നു.അമ്മ രാജി കൂലിപ്പണിക്കാരിയും.നന്ദനയുടെ ആഗ്രഹം IAS ആകണം എന്നായിരുന്നു.+2 കഴിഞ്ഞപ്പോൾ രാജി അവളെ കോളേജിൽ പഠിക്കാനയച്ചു. പണം ഇല്ലെങ്കിലും അവളുടെ ആഗ്രഹം മാത്രമായിരുന്നു ആ അമ്മയുടെ മനസ്സിൽ. അവളെ പഠിക്കാൻ വിട്ടതിന്റെ പേരിൽ അവളുടെ അമ്മ ഗ്രാമത്തിൽ കുറെ ആൾക്കാരുടെ കുറ്റങ്ങൾ ഏറ്റു വാങ്ങി അങ്ങനെ എന്തു പറഞ്ഞാലും അവർ അവളെ പഠിക്കാനയച്ചു.കുറെ കാലത്തിനു ശേഷം അവൾ IAS ആയി തിരിച്ചു വരികയും അവളെ പുച്ഛിച്ചവരുടെ മുമ്പിൽ അവൾ തലയുയർത്തി നടന്നു. അവളുടെ ആഗ്രഹം അവൾ നേടിയെടുത്തു.

NB: ആര് എന്ത് പറഞ്ഞാലും നമ്മൾ നമ്മളുടെ നിലപാടിൽ ഉറച്ച് നിൽക്കുക.സ്വന്തമായി തീരുമാനങ്ങൾ എടുക്കാൻ ശ്രമിക്കുക. സ്വന്തമായി സ്വപ്നം ഉണ്ടാവുക...... ഇതെല്ലാം നമുക്ക് ഉണ്ടെങ്കിൽ അതിന് വേണ്ടി പരിശ്രമിച്ചാൽ.... നിങ്ങൾ എല്ലാം നേടി.....

ചങ്ങാതി

പരിസ്ഥിതി ദി ന
സന്ദേ ശങ്ങൾ

ശിവനന്ദ എസ്സ് എസ്സ്

2023 --------- ബീറ്റ് പ്ലാ സ്റ്റി ക് പൊ ല്യൂ ഷൻ

2022 --------- ഒരേ യൊ രു ഭൂ മി

2021 --------- ആവാ സവ്യ വസ്ഥപു നഃസ്ഥാ പിക്കൽ

2020 --------- പ്ര കൃ തിക്കു വേ ണ്ടിയു ള്ള സമയം

2019 --------- വാ യു മലി നി കരണം തടയു ക

2018 --------- പ്ലാ സ്റ്റി ക് മലി നീ കരണം തടയു ക

2017 --------- ജനങ്ങളെ പരിസ്ഥിതി യു മാ യി ബന്ധപ്പെ ടു ത്തു ക

2016 --------- ജീ വി തത്തിനാ യി വന്യ മാ യി പോ ക്രൂ , നി യമവി രു ദ്ധ
വന്യ ജീ വി കടത്തിനെ തി രെ അസഹി ഷ്ണൂരാ വൂ

2015 --------- 700 കോ ടി സ്വ പ്നങ്ങൾ ഒരേ ഒരു ഭൂ മി ഉപഭോ ഗം
കരു തലോ ടെ

2014 --------- നിങ്ങളു ടെ ശബ്ദമാ ണ് ഉയർത്തേ ണ്ടത്. സമു ദ്ര
നി രപ്പല്ല




# പ്രതീക്ഷ

Anaswara s nath
8 B

ഒരിടത്ത് കൃഷ്ണപുരം എന്ന് പേരുള്ള ഗ്രാമം ഉണ്ടായിരുന്നു പ്രഭാത കിരണങ്ങൾ സുവർണകഞ്ചുകമണിയിച്ച കൃഷ്ണപുരം എന്ന ഗ്രാമത്തിൽ നിഷ്കളങ്കനായ ഒരു ബാലൻ ഉണ്ടായിരുന്നു അവൻ്റെ പേര് മനു എന്നാണ് ഒരു പ്രഭാതത്തിൽ അവൻ്റെ അമ്മ പറഞ്ഞു മോനേ എഴുന്നേൽക്ക് സമയം വകി നിനക്ക് സ്ക്രൂളിൽ പോകണ്ടേ മനു കിടക്കയിൽ നിന്ന് ചാടിയേണീറ്റു പതിവുപോലെ അമ്മയെ ഉമ്മ വെച്ചും കെട്ടിപ്പിടിച്ചും അവൻ തൻ്റെ ആ ദിവസം ആരംഭിച്ചു അമ്മയെ പിരിഞ്ഞിരിക്കാൻ കഴിയാതെ വൈമനസ്സോടെ മനു സ്ക്രൂളിൽ പോകാൻ തയാറായി അമ്മേയ്ക്ക് കൈ കാണിച്ച് അവൻ സ്ക്രൂലേക്ക് യാത്ര ആരംഭിച്ചു അവൻ ആ ഇടവഴിലൂടെ പതിവുപോലെ സ്ക്രൂളിലേക്ക് നടക്കുകയാണ് അപ്പോഴാണ് കുളിർമ്മയണിക്കുന്ന ഇളം കാറ്റ് അവൻ്റെ മുഖത്തിനെ തഴുകിയത് മനു തൻ്റെ സ്ക്രൂളിൽ എത്തി ബെല്ലടിച്ചു ആദ്യത്തെ പിരീഡ് ഗണിതമാണ് വിഷയം കുട്ടികളുടെ മുഖമെല്ലാം ഉണങ്ങിയ പൂവ് പോലെ വാടിയിരിക്കുന്നു മൊട്ടത്തല കട്ടിമീശ 40നും 50 നും ഇടയിൽ പ്രായം ഒരു മലയിളകി വരുന്ന മാതിരി കണക്ക് മാഷ് ക്ലാസിൽ കയറി ക്രൂടെ ഒരു വിടയും അദ്ദേഹത്തിൻ്റെ മുൻപിൽ ഇത് വെറും ഈർക്കിൽ കഷ്ണം മാത്രം മനു വലിയ ശ്രദ്ധയില്ലാതെ ക്ലാസിൽ കാലാട്ടി ഇരിക്കുകയാണ് അപ്പോഴാണ് തെട്ടടുത്തിരുന്ന കുട്ടി പറഞ്ഞത് ടാ കാലാട്ടരുതേ അമ്മ മരിച്ചു പോകുമെന്ന് ഇത് കേട്ട നിഷ്കളങ്കനായ ആ ബാലൻ പരിഭ്രാന്തനായി അവൻ കാലാട്ടുന്നത് വേഗം നിർത്തി മനു വിന് നേരെ ചൊവ്വെ ക്ലാസിൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല അമ്മ മരിച്ചു പോകുമെന്നറിഞ്ഞപ്പോൾ തൊട്ട് മനുവിൻ്റെ മനസ്സിനത് വല്ലാതെ അലട്ടാൻ തുടങ്ങി വൈകുന്നേരമായി സ്ക്രൂൾ വിടാനുള്ള മണി മുഴങ്ങി കുട്ടികളെ ല്ലാം സന്തോഷത്തോടെ വീട്ടിലെക്ക് തിരികെ പോയി തുടങ്ങി മനുതൻ്റെ കൂട്ടുകാരോടൊപ്പമാണ് സാധാരണ വിട്ടിലെക്ക് പോകാറ് എന്നാൽ ഇന്ന് അതു മാറി. അവൻ തൻ്റെ അമ്മയെ ഓർത്ത് തേങ്ങി തേങ്ങി ആ ഇടവഴിയിലുടെ ഓടുകയാണ്. മനു ഓടിക്കിതച്ച് വീട്ടിലെത്തി അപ്പോ തന്നത്ത് വരാന്തയിൽ നിൽക്കുന്ന അമ്മയെയാണ് അവൻ കണ്ടത് മനു സന്തോഷത്തോടെ അമ്മയെ വാരിപ്പുണർന്നു വിൻ്റെ മുഖത്തേ നോക്കി അമ്മ ചോദിച്ചു എന്താ നി കരയാണോ മനു പറഞ്ഞു ഒന്നുമില്ല അമ്മേ'ഒന്നുമില്ലാതെ നീ കരയില്ലല്ലോ അവൻ നടന്ന കാര്യങ്ങ൧ ഒക്കെ അമ്മയോട് പറഞ്ഞു അമ്മ ഒരു ചെറുപുഞ്ചിരിയോടെ കേട്ടു നിന്നു '